


അഭിമുഖം

ഇസ്‌ലാമിക സാമൂഹിക ക്രമത്തിനകത്തെ അമുസ്‌ലിം പൗരന്മാരുടെ മതപരമായ ജീവിതത്തിൽ ഇടപെടാൻ മുസ്‌ലിം ഭരണകൂടത്തിനോ പൗരന്മാർക്കോ അവകാശമില്ലാത്തതു പോലെ, മുസ്‌ലിംകളുടെ മത സാംസ്‌കാരിക ജീവിതത്തിൽ ഇടപെടാൻ മറ്റുള്ളവർക്കും അവകാശമില്ല എന്ന് മാത്രമേ മുസ്‌ലിംകൾ പറയുന്നുള്ളൂ.

# വേണ്ടത് ഭൂരിപക്ഷവുമായി ചേർന്നുള്ള ശാക്തീകരണം

**മൗലാനാ മുഹമ്മദ് റാബിഅ് നദ്‌വി / കെ.ടി ഹുസൈൻ**

മുസ്‌ലിം പേഴ്‌സനൽ ലോ ബോർഡ് അഖിലേന്ത്യാ പ്രസിഡന്റും ലഖ്‌നോ നദ്‌വത്തുൽ ഉലമാ റെക്ടറുമാണ് മൗലാനാ റാബിഅ് നദ്‌വി

► *എല്ലാമതങ്ങളും മാനിക്കപ്പെടുകയും മതപരമായ ജീവിതം നയിക്കാൻ ആർക്കും തടസ്സമില്ലാതിരിക്കുകയും ചെയ്യുന്ന ഇന്ത്യയെ പോലുള്ള ഒരു സെക്യുലർ രാജ്യത്ത് മുസ്‌ലിം വ്യക്തി നിയമ ബോർഡിനെ പോലുള്ള ഒരു മുസ്‌ലിം പൊതുവേദിയുടെ പ്രസക്തി എന്താണ്?*

ഇസ്‌ലാമിക വീക്ഷണ പ്രകാരം മതപരമായ ജീവിതം എന്നു പറയുന്നത് ഏതാനും ആചാരാനുഷ്ഠാനങ്ങൾ കൊണ്ട് മാത്രം പൂർണമാകുന്ന ഒന്നല്ല. നിർണിതമായ ആരാധനകൾക്കും അനുഷ്ഠാനങ്ങൾക്കും പുറമെ സാമൂഹികവും സാംസ്‌കാരികവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഇതര മണ്ഡലങ്ങളിലും അല്ലാഹുവിന്റെ




■ **കോഴിക്കോട്ട് ചേർന്ന മുസ്ലിം പേഴ്സനൽ ലോ ബോർഡ് നിർവാഹക സമിതി യോഗത്തിൽ മൗലാനാ റാബിഅ് നദ്‌വി അധ്യക്ഷ പ്രസംഗം നടത്തുന്നു**

നിയമ നിർദേശങ്ങൾ പാലിക്കാൻ മുസ്ലിംകൾ ബാധ്യസ്ഥരാണ്. അപ്പോൾ മാത്രമേ അവരുടെ ഇസ്ലാമിക ജീവിതം പൂർണമാവുകയുള്ളൂ. മുസ്ലിംകൾ ജീവിക്കുന്നത് ഇസ്ലാമിക രാജ്യത്തായാലും അമുസ്ലിം രാജ്യത്തായാലും മതേതര രാജ്യത്തായാലും തങ്ങളുടെ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും നിഷ്ഠയോടെ പാലിക്കപ്പെടേണ്ട ഇസ്ലാമിക നിർദേശങ്ങൾക്കെതിരായ ഇടപെടലുകളെ ഒരിക്കലും അംഗീകരിക്കാൻ അവർക്ക് കഴിയില്ല. എല്ലാ മതങ്ങൾക്കും തുല്യ പരിഗണന നൽകപ്പെടുന്ന നമ്മുടേതു പോലുള്ള ഒരു സെക്യുലർ രാജ്യത്ത് അത്തരം ഇടപെടലുകൾ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. പക്ഷേ നിർഭാഗ്യവശാൽ നമ്മുടെ നിയമ നിർമാണ സഭകളുടെയും ജൂഡീഷ്യറിയുടെയും ഭാഗത്തുനിന്ന് അപൂർവമായിട്ടാണെങ്കിലും ശരീഅത്തിനെതിരായ ചില ഇടപെടലുകൾ ഉണ്ടാകാറുണ്ട്. അത്തരം ഇടപെടലുകളെ രചനാത്മകമായ രീതിയിൽ പ്രതിരോധിക്കാനുള്ള ഇന്ത്യൻ മുസ്ലിംകളുടെ ഏക പൊതുവേദി എന്നതാണ് മുസ്ലിം വ്യക്തി നിയമ ബോർഡിന്റെ പ്രസക്തി.

ഇസ്ലാമിക ശരീഅത്തിനെതിരെ ഇടപെടലുകൾ പാടില്ല എന്ന നമ്മുടെ ആവശ്യം ആദർശാത്മകമായ ഒരു നിലപാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ്. അതായത് ഇസ്ലാമിക നിയമം ഭരണത്തിന്റെ അടിത്തറയായി സ്വീകരിക്കപ്പെടുന്ന ഒരു രാജ്യത്തിലെ അമുസ്ലിം പൗരന്മാരുടെ മേൽ ഇസ്ലാമിക നിയമം അടിച്ചേൽപ്പിക്കുകയോ അവരുടെ മതപരവും സാംസ്കാരികവുമായ ജീവിതത്തിൽ ഇടപെടുകയോ ഇല്ല എന്നത് ഇസ്ലാമിക സാമൂഹിക വ്യവസ്ഥയുടെ ഒരു പ്രധാന സവിശേഷതയാണ്. മതത്തിൽ ബലാൽക്കാരമില്ലെന്ന ഖുർആനിക സന്ദേശം ഇസ്ലാമിക സാമൂഹിക വ്യവസ്ഥയുടെ ഈയൊരു സവിശേഷതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിനാൽ ഇസ്ലാമിക സാമൂഹിക ക്രമത്തിനകത്തെ അമുസ്ലിം പൗരന്മാരുടെ മതപരമായ ജീവിതത്തിൽ ഇടപെടാൻ മുസ്ലിം ഭരണകൂടത്തിനോ പൗരന്മാർക്കോ അവകാശമില്ലാത്തതു പോലെ, മുസ്ലിംകളുടെ മത സാംസ്കാരിക ജീവിതത്തിൽ ഇടപെടാൻ മറ്റുള്ളവർക്കും അവകാശമില്ല എന്ന് മാത്രമേ മുസ്ലിംകൾ പറയുന്നുള്ളൂ.

മുസ്ലിം പേഴ്സനൽ ലോ ബോർഡിനെ പ്രസക്തമാക്കുന്ന മറ്റൊരു പ്രധാന ഘടകം മുസ്ലിം സമൂഹത്തിനകത്തെ എല്ലാ വിഭാഗം ചിന്താധാരകളെയും അത് പ്രതിനിധീകരിക്കുന്നുവെന്നതാണ്. പല കാര്യങ്ങളിലും വളരെ രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങൾ വെച്ചുപുലർത്തുന്നവർക്കു വരെ വേദിയിൽ ഒരുമിച്ചിരിക്കാൻ കഴിയുന്നതുതന്നെ ഇപ്പോഴത്തെ അവസ്ഥയിൽ വളരെ പ്രധാന കാര്യമാണ്. അതുകൊണ്ടുതന്നെ ഭരണകൂടവും ഭൂരിപക്ഷ ജനവിഭാഗവും ബോർഡിന്റെ അഭിപ്രായങ്ങളെ മാനിക്കുകയും വിലമതിക്കുകയും ചെയ്യുന്നുണ്ട്. ശരീഅത്ത് സംരക്ഷണ ബില്ലിന്റെ കാര്യത്തിലും ബാബരി മസ്ജിദിന്റെ പതനാനന്തരം പ്രശ്നം ബോർഡ് കൈയേറ്റപ്പോഴും നാമത് കാണുകയുണ്ടായി.

► *ഇന്ത്യൻ മുസ്ലിംകൾക്കിടയിൽ പല പ്രശ്നങ്ങളിലും ഒട്ടേറെ ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കെ എങ്ങനെയാണ് ഇപ്പോഴും ബോർഡിന് പൊതുവേദിയായി നിലനിൽക്കാൻ കഴിയുന്നത്?*

മുസ്ലിംകൾക്കിടയിൽ പൊതുവെ അഭിപ്രായൈക്യമുള്ള വിഷയങ്ങളിൽ മാത്രം ഇടപെടുകയും ഭിന്നതയുള്ള വിഷയങ്ങൾ ഒഴിവാക്കുകയുമാണ് ബോർഡ് തുടക്കം മുതൽ തന്നെ സ്വീകരിച്ചുവരുന്ന നിലപാട്. അതുകൊണ്ടു തന്നെ ചില പ്രശ്നങ്ങളോടുള്ള ബോർഡിന്റെ പ്രതികരണമോ പ്രസ്താവനയോ അൽപം താമസിച്ചു പോകുന്നുവെന്നത് ശരിയാണ്. എന്നാൽ ഒരു പൊതുവേദിയെ സംബന്ധിച്ചേടത്തോളം അതിന്റെ കെട്ടുറപ്പ് വളരെ പ്രധാനമായതിനാൽ ഈ കാലതാമസം അനുചിതമാണെന്ന് ഞാൻ കരുതുന്നില്ല. എല്ലാവരെയും അഭിപ്രായൈക്യത്തിലേക്കെത്തിക്കാൻ സ്വാഭാവികമായും വരുന്ന കാലതാമസം മാത്രമാണത്. പല പൊതുവേദികളും തകർന്നിട്ടും ബോർഡിനിപ്പോഴും പൊതുവേദിയായി തുടരാൻ കഴിയുന്നത് അതുകൊണ്ടാണ്.

► *രചനാത്മകമായ ഇടപെടലുകളിലൂടെ വ്യക്തി നിയമ ബോർഡ് ഇസ്ലാമിക ശരീഅത്ത് സംരക്ഷിക്കാൻ ശ്രമിക്കുന്നുവെന്ന് പറയുകയുണ്ടായി. അത്തരം ഇടപെടലുകളുടെ സ്വഭാവം എന്താണ്?*

ശരീഅത്ത് സംരക്ഷണവുമായി ബന്ധപ്പെട്ട ബോർഡിന്റെ ഇടപെടലുകൾക്ക് പ്രധാനമായും രണ്ട് വശങ്ങളുണ്ട്. നിയമ നിർമാണ സഭകളുടെയോ ജുഡീഷ്യറിയുടെയോ ഭാഗത്തുനിന്ന് ശരീഅത്തിന്റെ കാര്യത്തിൽ തെറ്റായ ഇടപെടലുകളുണ്ടാവുകയാണെങ്കിൽ അതിനെ ഫലപ്രദമായി ചെറുക്കുകയാണ് ഒരു വശം. എന്നാൽ ഷാബാനു കേസിനെ പോലെയോ ഏകസിവിൽകോഡ് നിർദേശത്തെ പോലെയോ ഉള്ള തുറന്ന കൈയേറ്റങ്ങളെ തടയുക മാത്രമല്ല, തെറ്റായ ഇടപെടലുകളെ ചെറുക്കുക കൂടിയാണ് ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. തങ്ങളുടെ മുമ്പിൽ വരുന്ന മുസ്ലിംകൾ കക്ഷികളായ കേസുകളിൽ തീരുമാനമെടുക്കുകയോ വിധി പ്രസ്താവം നടത്തുകയോ ചെയ്യുമ്പോൾ അത് ശരീഅത്ത് വിരുദ്ധമാകാതിരിക്കാനായി ബന്ധപ്പെട്ടവർക്ക് നേരത്തെ തന്നെ ഇസ്ലാമിക ശരീഅത്തിനെ കുറിച്ച അവബോധമുണ്ടാക്കുകയും ചെയ്യുന്നു. ഈ ഉദ്ദേശ്യാർഥം ശരീഅത്ത് കമ്മിറ്റികൾക്ക് ബോർഡ് രൂപം കൊടുത്തിട്ടുണ്ട്.

ഇസ്ലാമിക ശരീഅത്ത് ജീവിത

ത്തിൽ പ്രയോഗവൽക്കരിക്കുന്നതിൽ മുസ്‌ലിംകൾ വരുത്തുന്ന വീഴ്ചകളെ തടയുകയാണ് ശരീഅത്ത് സംരക്ഷണത്തിനായുള്ള ബോർഡിന്റെ ഇടപെടലുകളുടെ രണ്ടാമത്തെ വശം. ധാർമിക ജീവിതത്തെ ശിഥിലമാക്കുന്നതും ഇസ്‌ലാമിക ശരീഅത്ത് തന്നെ തെറ്റിദ്ധരിക്കപ്പെടാൻ ഇടയാക്കുന്നതുമായ ഗുരുതരമായ ഒട്ടേറെ വീഴ്ചകൾ മുസ്‌ലിം സാമൂഹിക ജീവിതത്തിൽ സംഭവിക്കുന്നുണ്ട്. ഇസ്‌ലാം യുദ്ധം പ്രഖ്യാപിച്ചിട്ടുള്ള പലിശയുടെ വ്യാപനം, സ്ത്രീധനം, വിവാഹത്തിലെ ദൂർത്ത്, വിവാഹ മോചന നിയമത്തിന്റെ ദുരുപയോഗം തുടങ്ങിയവ ഉദാഹരണം. ബോധവൽക്കരണത്തിലൂടെയും മറ്റും അത്തരം വീഴ്ചകളെ തിരുത്തുന്നതിനായി 'ഇസ്‌ലാഹ് മുആശറ' എന്ന പേരിൽ ഒരു വിഭാഗം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

മുസ്‌ലിംകൾക്കിടയിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും വിധികൾ ആരായുന്നതിനു പകരം ഖുർആനെ കുറിച്ചോ ഹദീസിനെ കുറിച്ചോ യാതൊന്നുമറിയാത്തവരെ സമീപിക്കുന്ന നിലപാടിനെ താക്കീതിന്റെ സ്വരത്തിൽ ഖുർആൻ വിമർശിച്ചിട്ടുണ്ട്. "നിന്റെ നാഥനാണ, അവർക്കിടയിലെ തർക്കങ്ങളിൽ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും എന്നിട്ട് നീ നൽകുന്ന വിധിതീർപ്പുകളിൽ യാതൊരു പ്രയാസവും തോന്നാതെ പൂർണമായും സമ്മതിക്കുകയും ചെയ്യും വരെ അവർ വിശ്വാസികളാവുകയില്ല തന്നെ" (ഖുർആൻ 4:65). ഖുർആന്റെ ഈ താക്കീത് ഉൾക്കൊണ്ടുകൊണ്ട് മുസ്‌ലിംകൾക്കിടയിലെ തർക്കങ്ങൾക്ക് ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ പരിഹാരം കാണാൻ ബോർഡ് എടുത്ത നടപടികളിലൊന്നാണ് 'ദാറുൽ ഖദാഇ'ന്റെ രൂപീകരണം. രാജ്യത്തിന്റെ പല ഭാഗത്തും അവ ഇതിനകം രൂപീകരിച്ച് കഴിഞ്ഞു.

► *സ്വവർഗരതി നിയമ വിധേയമാക്കിക്കൊണ്ടുള്ള ദൽഹി ഹൈക്കോടതി വിധിയുടെയും ബാബ്‌രി മസ്ജിദ് തകർത്തതിനെ കുറിച്ച് അന്വേഷിച്ച ലിബർഹാൻ കമീഷന്റെയും റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിക്കപ്പെട്ടതിന്റെയും പശ്ചാത്തലത്തിൽ ചേർന്ന ബോർഡിന്റെ ആദ്യയോഗമെന്ന നിലയിൽ സ്വാഭാവികമായും അതിനെ കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടാകുമല്ലോ. എന്താണ് പ്രധാന തീരുമാനങ്ങൾ?*

തീർച്ചയായും അത് രണ്ടിനെയും കുറിച്ച് കാര്യമായി ചർച്ച ചെയ്യുകയും സുചിന്തിതമായ ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ബോർഡ് മീറ്റിംഗിന് ശേഷം നടന്ന വാർത്താ സമ്മേളനത്തിൽ പ്രസ്തുത തീരുമാനം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ദൽഹി ഹൈക്കോടതി വിധി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് റദ്ദാക്കിയ പശ്ചാത്തലത്തിൽ സ്വവർഗരതി കുറ്റകരമായി പ്രഖ്യാപിക്കുന്ന പുതിയ നിയമം കൊണ്ടുവരണമെന്നാണ് ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇക്കാര്യം ചൂണ്ടികാട്ടി പ്രധാനമന്ത്രിയെ സന്ദർശിക്കാനും മറ്റു മത വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തി ദേശീയ തലത്തിൽ വിപുലമായ കാമ്പയിൻ നടത്താനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. സ്വവർഗരതി തിന്മയാകുന്നത് ഏതെങ്കിലും ഒരു മത വിഭാഗത്തിൽ മാത്രമല്ല. എല്ലാ മതങ്ങളും സദാചാര സംഹിതകളും അനാശാസ്യമായി ഗണിക്കുന്ന പ്രകൃതി വിരുദ്ധവും മനുഷ്യത്വ വിരുദ്ധവുമായ ഒരു തിന്മയാണത്. മനുഷ്യ നാഗരികതയുടെയും സംസ്കാരത്തിന്റെയും ആരോഗ്യപരമായ നിലനിൽപിനെയും തുടർച്ചയെയും ഗുരുതരമായി ബാധിക്കുന്ന ഈ വൈകൃതത്തിന് സമൂഹത്തിൽ മാന്യത ലഭിക്കാൻ ഇടയാകുന്ന തരത്തിലുള്ള കോടതി വിധി തിരുത്തിക്കാൻ എല്ലാ മത വിഭാഗങ്ങളും സദാചാരം നിലനിൽക്കണമെന്നാഗ്രഹിക്കുന്ന മനുഷ്യ സ്നേഹികളും ഒറ്റക്കെട്ടായി അണിനിരക്കേണ്ടതുണ്ട്.

മറ്റു പല അന്വേഷണ കമീഷനുകൾക്കും വന്ന ഗതി വരാതിരിക്കാൻ ലിബർഹാൻ കമീഷൻ റിപ്പോർട്ട് എത്രയും വേഗം പാർലമെന്റിൽ ചർച്ച ചെയ്യുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം. ജനങ്ങളുടെ നികുതിപ്പണത്തിൽനിന്ന് കോടികൾ ചെലവഴിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ട് ജനങ്ങളെ അറിയിക്കാതിരിക്കുന്നത് അവരോടുള്ള അനീതിയാണ്.

► *മുസ്‌ലിംകളെ ബാധിക്കുന്ന ചില വിവാദ വിഷയങ്ങളിൽ മാത്രമാണ് ബോർഡ് പലപ്പോഴും ഇടപെട്ട് കാണുന്നത്. എന്നാൽ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥക്ക് പ്രധാന കാരണമായി തീർന്നിട്ടുള്ള നിരക്ഷരത, വിദ്യാ വിഹീനത, ദാരിദ്ര്യം തുടങ്ങിയ പ്രശ്നങ്ങളിൽ ബോർഡ് യാതൊരു ഇടപെടലും നടത്താതിരിക്കുന്നത് എന്തുകൊണ്ടാണ്?*

സംഘടനയാകട്ടെ പൊതുവേദിയാകട്ടെ, അതിനെല്ലാം നിർണിതമായ ഏതെങ്കിലുമൊരു ലക്ഷ്യമുണ്ടായിരിക്കും. ആ ലക്ഷ്യം സാക്ഷാൽക്കരിക്കാനുതകുന്ന പ്രവർത്തന പരിപാടിയേ അതിനേറ്റെടുക്കാനാവുകയുള്ളൂ. എല്ലാവർക്കുമറിയാവുന്നതു പോലെ മുസ്‌ലിം വ്യക്തി നിയമ ബോർഡിന്റെ ലക്ഷ്യം ഇസ്‌ലാമിക ശരീഅത്തിന്റെ സംരക്ഷണമാണ്. അതിനാൽ ബോർഡ് നടത്തുന്ന ഇടപെടലുകൾ ശരീഅത്തിന്റെ സംരക്ഷണത്തിനുതകുന്ന പരിപാടികളിൽ പരിമിതമായിരിക്കണം. നിങ്ങൾ സൂചിപ്പിച്ച പ്രശ്നങ്ങളുടെ പരിഹാരം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംഘടനകൾ കൂടി ഉൾപ്പെടുന്ന പൊതുവേദിയാണ് വ്യക്തി നിയമ ബോർഡ്. വിദ്യാഭ്യാസത്തിന്റെ പ്രശ്നമായിരുന്നാലും ദാരിദ്ര്യ നിർമാർജനത്തിന്റെ പ്രശ്നമായിരുന്നാലും അതിൽ ഇടപെടുന്ന സംഘടനകളും സ്ഥാപനങ്ങളുമെല്ലാം അത് ചെയ്യുന്നത് തങ്ങളുടെ സവിശേഷമായ കാഴ്ചപ്പാടുകൾക്കനുസൃതമായിരിക്കും. അതിനാൽ ഒരു പൊതുവേദിയായ ബോർഡ് അത്തരം കാര്യങ്ങളിൽകൂടി ഇടപെട്ടാൽ സ്വാഭാവികമായും ഭിന്നതയുണ്ടാവുകയും അത് പൊതുവേദിയുടെ ശൈഥില്യത്തിലേക്ക് നയിക്കുകയും ചെയ്യും. അതിനാൽ നിങ്ങൾ സൂചിപ്പിച്ചതു പോലെയുള്ള പ്രശ്നങ്ങളിൽ ബോർഡ് നേരിട്ട് ഇടപെടുന്നതിനു പകരം സമുദായ ശാക്തീകരണത്തിനായി വിവിധ സംഘടനകൾ നടത്തുന്ന എല്ലാ നല്ല പ്രവർത്തനങ്ങളെയും പിന്തുണക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന നിലപാടാണ് ബോർഡ് സ്വീകരിച്ചുവരുന്നത്. അത് തന്നെയാണ് കരണീയവും.

► *ഒരു ജനാധിപത്യ ഘടനയിൽ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഏതൊരു സമുദായത്തിന്റെയും രാഷ്ട്രീയ ശാക്തീകരണം വളരെ പ്രധാനമാണ്. അധഃകൃതരായി കഴിയുന്ന ദലിതുകളും യാദവർ, കുർമികൾ തുടങ്ങിയ മറ്റു പിന്നാക്ക ജാതിക്കാരും ഇതിനകം തന്നെ രാഷ്ട്രീയ ശാക്തീകരണം നേടിക്കഴിഞ്ഞു. അതിന്റെ ഫലം അവർ അനുഭവിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ രാഷ്ട്രീയ ശാക്തീകരണത്തിന്റെ ഒരു ഗതകാല ചരിത്രമുണ്ടായിട്ടും മുസ്‌ലിംകളുടെ രാഷ്ട്രീയമായ ശാക്തീകരണത്തിനുള്ള ശ്രമങ്ങളൊന്നും എവിടെയുമെത്തിയില്ല. മുസ്‌ലിംകളുടെ രാഷ്ട്രീയശാക്തീകരണത്തെ കുറിച്ച് എന്താണ് അഭിപ്രായം?*

മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് എന്ന പൊതുവേദിയുടെ അധ്യക്ഷനെന്ന നിലയിലും രാഷ്ട്രീയത്തിൽ ഇടപെടാത്ത നദ്‌വത്തുൽ ഉലമയുടെ പ്രതിനിധിയെന്ന നിലയിലും മുസ്‌ലിംകളുടെ രാഷ്ട്രീയ ശാക്തീകരണത്തെ കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയുന്നത് ശരി

യല്ല.

► *എങ്കിലും വ്യക്തിപരമായ അഭിപ്രായം?*

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിംകളുടെ രാഷ്ട്രീയ ശാക്തീകരണത്തിനുള്ള എന്തെങ്കിലും ശ്രമം നടന്നത് കേരളത്തിൽ മാത്രമാണ്. കേരളത്തിന്റെ സവിശേഷമായ സാഹചര്യമാണ് അത് സാധ്യമാക്കിയത്. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ അത്തരം ശ്രമങ്ങൾ നടക്കാതെ പോയതിനും ചരിത്രപരവും സാമൂഹികവുമായ ഒരുപാട് കാരണങ്ങളുണ്ട്. ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തൊട്ടു മുമ്പ് യു.പിയിൽ ചില മുസ്‌ലിം സംഘടനകൾ രംഗത്ത് വരികയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തിരുന്നു. എന്നാൽ താൽക്കാലികമായ ആവേശമെന്നതിലുപരി വ്യക്തമായ നയമോ അജണ്ടയോ അവർക്കുണ്ടായിരുന്നില്ല. അതിനാൽ മുസ്‌ലിം വോട്ടുകൾ ശിഥിലീകരിക്കപ്പെടാൻ കാരണമായി എന്നല്ലാതെ യാതൊരു ഫലവും അതുകൊണ്ട് ഉണ്ടായില്ല. എന്റെ അഭിപ്രായത്തിൽ ഭൂരിപക്ഷ ജനവിഭാഗങ്ങളുമായി ചേർന്നുകൊണ്ടുള്ള രാഷ്ട്രീയ ശാക്തീകരണ ശ്രമങ്ങൾക്കേ സമകാലിക ഇന്ത്യയിൽ പ്രസക്തിയുള്ളൂ.

► *കോൺഗ്രസ് നേതൃത്വം നൽകുന്ന യു.പി.എ ഗവൺമെന്റിനെ കുറിച്ച് എന്താണ് അഭിപ്രായം?*

ഇപ്പോഴത്തെ ഗവൺമെന്റിനെ കുറിച്ച് അഭിപ്രായം പറയാൻ സമയമായിട്ടില്ല. എങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയെന്ന നിലക്ക് എടുത്തുപറയാവുന്ന ഒരു സവിശേഷത തോന്നുന്നത്, മുസ്‌ലിം പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ അവർ സന്നദ്ധമാവുന്നു എന്നതാണ്. കോൺഗ്രസിനെ സംബന്ധിച്ചേടത്തോളം നിസ്സാരമല്ലാത്ത ഒരു മാറ്റം തന്നെയാണത്. എന്തുകൊണ്ടെന്നാൽ മുസ്‌ലിംകൾക്ക് സാമ്പത്തികമോ സാമൂഹികമോ ആയ എന്തെങ്കിലും സവിശേഷ പ്രശ്നങ്ങൾ ഉണ്ട് എന്നംഗീകരിക്കാൻ പോലും കഴിഞ്ഞകാല കോൺഗ്രസ് ഗവൺമെന്റുകൾ സന്നദ്ധമായിരുന്നില്ല. ബാബരി മസ്ജിദിന്റെ പതനത്തെ തുടർന്ന് മുസ്‌ലിംകൾ കോൺഗ്രസിനെ കൈവിട്ട് കോൺഗ്രസിതര മതേതര കക്ഷികളെ പരീക്ഷിക്കാൻ തയാറായതിന്റെ കൂടി ഫലമാണിത്. കോൺഗ്രസ് പൂർണമായും മാറിയെന്ന് പറയുകയല്ല. എങ്കിലും കോൺഗ്രസിന്റെ സമീപനത്തിൽ വന്ന ഗുണപരമായ ചെറിയൊരു മാറ്റം മുസ്‌ലിം മനസ്സിനെ സ്വാധീനിക്കുകയും അത് കഴി

> **യു.പിയിൽ ചില മുസ്‌ലിം സംഘടനകൾ രംഗത്ത് വരികയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തിരുന്നു. എന്നാൽ താൽക്കാലികമായ ആവേശമെന്നതിലുപരി വ്യക്തമായ നയമോ അജണ്ടയോ അവർക്കുണ്ടായിരുന്നില്ല. അതിനാൽ മുസ്‌ലിം വോട്ടുകൾ ശിഥിലീകരിക്കപ്പെടാൻ കാരണമായി എന്നല്ലാതെ യാതൊരു ഫലവും അതുകൊണ്ട് ഉണ്ടായില്ല. എന്റെ അഭിപ്രായത്തിൽ ഭൂരിപക്ഷ ജനവിഭാഗങ്ങളുമായി ചേർന്നുകൊണ്ടുള്ള രാഷ്ട്രീയ ശാക്തീകരണ ശ്രമങ്ങൾക്കേ സമകാലിക ഇന്ത്യയിൽ പ്രസക്തിയുള്ളൂ.**

ഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് ഗുണകരമായി ഭവിക്കുകയും ചെയ്തിട്ടുണ്ട്.

► *അന്തർദേശീയ രംഗത്ത് ഇസ്‌ലാമും മുസ്‌ലിംകളും ക്രൂരമായി വേട്ടയാടപ്പെട്ട ജോർജ് ബുഷിന്റെ എട്ടു വർഷത്തെ ഭരണത്തിന് ശേഷം, അമേരിക്കയിൽ അധികാരത്തിൽ വന്ന പ്രത്യക്ഷത്തിൽ സൗമ്യനായ ഒബാമ വരുത്തുന്നതായി പറയപ്പെടുന്ന മാറ്റത്തെ, പ്രത്യേകിച്ച് മുസ്‌ലിംകളെ അഭിസംബോധന ചെയ്ത അദ്ദേഹത്തിന്റെ കയ്റോ പ്രഭാഷണത്തെ എങ്ങനെ വിലയിരുത്തുന്നു?*

ലോകത്തിലെ അമേരിക്കേതരരായ ജനവിഭാഗങ്ങൾക്ക് അപ്രിയകരമായ അമേരിക്കയുടെ സാമ്രാജ്യത്വ നയത്തിൽ ഒബാമയിലൂടെ അടിസ്ഥാനപരമായ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ട് എന്ന് ഞാൻ കരുതുന്നില്ല. ജോർജ് ബുഷിന്റെ അക്രമാസക്ത നയം കാരണം പ്രതിസന്ധിയിലായ അമേരിക്കൻ താൽപര്യത്തെ എങ്ങനെയെങ്കിലും രക്ഷിച്ചെടുക്കുക തന്നെയാണ് ഒബാമയുടെ സൗമ്യഭാവത്തിന്റെയും സൗഹൃദ നയത്തിന്റെയും ആത്യന്തിക ലക്ഷ്യം. മറ്റു രാജ്യങ്ങൾക്കും സമൂഹങ്ങൾക്കും ചില താൽപര്യങ്ങളുണ്ടന്ന വസ്തുത ബുഷിന്റെ അക്രമാസക്ത നയത്തിലെന്ന പോലെ ഒബാമയുടെ സൗഹൃദ നയത്തിലും പരിഗണിക്കപ്പെട്ടതിന്റെ യാതൊരു സൂചനയും കാണുന്നില്ല. സാമ്രാജ്യത്വപരമായ അമേരിക്കയുടെ വിദേശനയം മൗലികമായി മാറാതെ അത് സാധ്യമല്ലയെന്നതാണ് വസ്തുത. അതിനാൽ ജാഗ്രത കൈവിടാതെ കാത്തിരുന്ന് കാണുകയെന്നാണ് ഒബാമയുടെ മാറ്റത്തെ കുറിച്ച് പറയാനുള്ളത്.

► *ഇസ്‌ലാമിക സമൂഹം നേരിടുന്ന ഏറ്റവും വലിയ സമകാലിക വെല്ലുവിളി എന്താണ് താങ്കളുടെ അഭിപ്രായത്തിൽ?*

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അവഹേളിക്കാനും മോശമായി ചിത്രീകരിക്കാനും നടത്തപ്പെടുന്ന ആസൂത്രിത ശ്രമങ്ങളെ എങ്ങനെ ഫലപ്രദമായി പ്രതിരോധിക്കുമെന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. മുസ്‌ലിംകൾ ഒരുമിച്ച് ഏറ്റെടുക്കേണ്ട ഒന്നാണിത്. നമുക്കിടയിലെ ശാഖാപരമായ ഭിന്നതകളൊന്നും അതിന് തടസ്സമായി കൂടാത്തതാണ്. വിശദാംശങ്ങളിൽ അഭിപ്രായ വ്യത്യാസമെന്നത് ഇസ്‌ലാമിക സമൂഹത്തെ സംബന്ധിച്ചേടത്തോളം പുതിയ കാര്യമല്ല. എല്ലാ കാലത്തും അതുണ്ടായിട്ടുണ്ട്. പ്രകൃതിപരവും സ്വാഭാവികവും മാത്രമാണത്. എന്നാൽ ലക്ഷ്യബോധവും ആത്മാർഥതയും ഉണ്ടെങ്കിൽ പൊതുലക്ഷ്യത്തിന് വേണ്ടി നമുക്കൊന്നിക്കാൻ കഴിയും. മുസ്‌ലിം പേഴ്സനൽ ലോ ബോർഡിന്റെ രൂപീകരണവും നിലനിൽപും തന്നെ അതിനുത്തമോദാഹരണമാണ്. അതിനാൽ ഇസ്‌ലാമിന് നേരെ ധൈഷണികവും സാംസ്കാരികവുമായി നടക്കുന്ന കൈയേറ്റങ്ങളെ പ്രതിരോധിക്കുക എന്നത് നമുക്കിടയിൽ ഐക്യമുണ്ടാകേണ്ട ഒരു പൊതു ലക്ഷ്യമാണ്.

► *എന്നാൽ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഇമേജ് മോശമാക്കുന്നതിൽ മുസ്‌ലിംകൾക്കും പങ്കില്ലേ? ചിലരുടെയെങ്കിലും തീവ്രവാദപരമായ നിലപാടുകളും ചെയ്തികളുമൊക്കെ?*

തീവ്രവാദപരമായ നിലപാടുകളും ചെയ്തികളും പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സമ്പൂർണ പരാജയമാണെന്നത് തെളിയിക്കപ്പെട്ട് കഴിഞ്ഞതാണ്. അതിന് ഉദാഹരണങ്ങൾ തേടി ചരിത്രത്തിലേക്കൊന്നും പോകേണ്ടതില്ല. ഒട്ടേറെ സമകാലിക തീവ്രവാദ പ്രസ്ഥാനങ്ങളുടെ പരാജയം അനുഭവ സാക്ഷ്യമായി നമ്മുടെ മുമ്പിലുണ്ടല്ലോ. സർവോപരി സമാധാനവും ജീവന്റെ സുരക്ഷയും ഉയർന്ന മൂല്യമായി ഉയർത്തിപ്പിടിക്കുന്ന ഇസ്‌ലാമിന്റെ പേരിൽ തീവ്രവാദപരമായ നിലപാടുകൾക്കും ചെയ്തികൾക്കും യാതൊരു ന്യായീകരണവുമില്ല. ■